## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *519** — **19.05.2017- ൽ മറുപടിക്ക്**

## ബാലവേല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ<br>,, സി. ദിവാകരൻ<br>,, വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേല നിലനിൽക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ഉണ്ട്. |
| (ബി) ഹോട്ടൽ, ബേക്കറി, മത്സ്യസംസ്കരണ യൂണിറ്റുകൾ, ആഭരണ നിർമ്മാണ ശാലകൾ എന്നീ മേഖലകളിൽ ബാലവേല ചെയ്യുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) 18 വയസ്സിൽ താഴെയുള്ള കുട്ടികളെ ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ സ്ഥാപന ഉടമകൾക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം അനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുഖേന പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചു വരുന്നു. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010 - 2016 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 17507 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ